"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പനങ്ങാട്ടിരി ആർ.പി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി.രേഷ്മ സി.ആർ.ന് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2376/2024/GEDN തീയതി, തിരുവനന്തപുരം, 23-03-2024**

---

പരാമർശം:- 1. ശ്രീമതി.രേഷ്മ സി.ആർ.ന്റെ അവധി അപേക്ഷ

2. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.02.2024-ലെ DEOPKD/3046/2023-B5 നമ്പർ കത്ത്

**ഉത്തരവ്**

പനങ്ങാട്ടിരി ആർ.പി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി.രേഷ്മ സി.ആർ. അവശതാ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തുടർ നടപടികൾക്കായി ലഭ്യമാക്കിയിരിട്ടുണ്ട്. 01.07.2023-ന് സ്കൂളിൽ വച്ച് കാൽ വഴുതി വീണതിനെ തുടർന്ന് ടിയാരിയുടെ കാലിന്റെ എല്ലിന് പൊട്ടൽ ഉണ്ടായെന്നും, ടിയാരിക്ക് 50 ദിവസത്തേക്ക് വിശ്രമം ആവശ്യമാണെന്ന് ടിയാരിയെ ചികിത്സിച്ച ഡോക്ടർ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ആയതിനാൽ 01.07.203 മുതൽ 19.08.2023 വരെ 50 ദിവസത്തെ അവശതാ അവധി അനുവദിക്കണം എന്നുമാണ് ടിയാരി അപേക്ഷിച്ചിരിക്കുന്നത്. സ്കൂളിൽ വച്ച് തന്നെയാണ് ടിയാരിക്ക് പരിക്ക് പറ്റിയതെന്ന് പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ യാദൃശ്ചികമായാണ് സ്കൂളിൽ വച്ച് അപേക്ഷകയ്ക്ക് അപകടമുണ്ടായത് എന്ന പ്രധാനാധ്യാപികയുടെ സാക്ഷ്യപത്രത്തിന്റെയും അപേക്ഷക ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ, പനങ്ങാട്ടിരി ആർ.പി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി.രേഷ്മ സി.ആർ.ന് 01.07.2023 മുതൽ 19.08.2023 വരെ കെ.എസ്.ആർ. ഭാഗം I ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു. ഇക്കാര്യം ടിയാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം

പ്രധാനാധ്യാപകൻ, ആർ.പി.എം.ഹൈസ്കൂൾ, പനങ്ങാട്ടിരി,പാലക്കാട്

ശ്രീമതി.രേഷ്മ സി.ആർ., എച്ച്.എസ്.ടി.(ഹിന്ദി), ആർ.പി.എം.ഹൈസ്കൂൾ, പനങ്ങാട്ടിരി, പാലക്കാട്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 23-05-2024 17:00:48

സെക്ഷൻ ഓഫീസർ